**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/01/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: മാർച്ച് -21- 2024**

പരാതിക്കാരൻ : ശ്രീ. വിജയൻ T.S., തെക്കേനീലിയത്തു വീട്,
നടക്കാവ് പി.ഓ., ഉദയംപേരൂർ,
എറണാകുളം ജില്ല- 682307.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
തൃപ്പൂണിത്തുറ, എറണാകുളം ജില്ല.

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

ഉദയംപേരൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ താമസക്കാരനാണ് പരാതിക്കാരൻ. എളിയ വരുമാനക്കാരനായ പരമ്പരാഗത മത്സ്യത്തൊഴിലാളിയാണ്. ഉദയംപേരൂർ ഇലക്ട്രിക് സെക്ഷനിലെ ഗാർഹിക ഉപഭോക്താവാണ്. ഇദ്ദേഹത്തിന്റെ താരിഫ് LT 1A-യും ഉപയോഗിച്ചിരിക്കുന്ന വൈദ്യുത ലോഡ് 480W ആണ്. ഇദ്ദേഹത്തിനും പരിസരവാസികൾക്കും ഗതാഗതത്തിനായി സ്ഥാപിച്ചിട്ടുള്ള ഏകദേശം 8 അടി വീതിയിലുള്ള റോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഒരു വൈദ്യുത പോസ്റ്റ് മാറ്റുന്നതിനെക്കുറിച്ചാണ് പരാതി. ഒരു നടപ്പാതയായിരുന്ന വഴിയെ പഞ്ചായത്തിന്റെ ശ്രമഫലമായി അത് 8 അടി വീതിയിലുള്ള റോഡാക്കി മാറ്റി. റോഡിനു വീതി വന്നപ്പോൾ മുൻപ് സ്ഥാപിച്ചിരുന്ന ഒരു പോസ്റ്റ് തടസ്സമായി മാറി. മുച്ചക്രവാഹനം തന്നെ പോകണമെങ്കിൽ ഈ പോസ്റ്റ് മാറ്റേണ്ടതുണ്ട്. ലൈസൻസിക്ക് പോസ്റ്റ് മാറ്റാൻ അപേക്ഷ നൽകിയപ്പോൾ അതിന്റെ ചെലവ് വഹിക്കണമെന്ന് ആവശ്യപ്പെട്ടു. അതിനെതിരെ CGRF-ന് പരാതി നൽകുകയും, CGRF പരാതി കേട്ട് വിധി പുറപ്പെടുവിക്കുകയും ചെയ്തു. അതിന്റെ അപ്പീൽ പരാതിയാണ് ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

മത്സ്യത്തൊഴിലാളിയായ എന്റെ വീടിന് അടുത്തു കൂടെയുള്ള വഴിയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി വഴിയരികിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മെമ്പർ മുതൽ CGRF വരെയുള്ള ഓഫീസുകൾ താണ്ടിയിട്ടും നടപടിയില്ലാത്തതിനാൽ, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന എന്റെ കുടുംബത്തിനു താങ്ങാനാവുന്നതല്ല (7526/-) ഈ തുക. ആയതിനാൽ എത്രയും വേഗം കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കണം.

ഞാൻ എളിയ വരുമാനക്കാരനായ പരമ്പരാഗത മത്സ്യത്തൊഴിലാളിയാണ്. എന്റെ വഴിയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ഓഫീസുകൾ ആവശ്യപ്പെടുന്ന തുക നൽകാൻ കഴിയാത്ത സാഹചര്യമാണ്. എന്റെ ഭാര്യക്ക് ഇയർ ബാലൻസ് ഇല്ലാത്ത സാഹചര്യം പലതവണ നേരിട്ടിട്ടുണ്ട്. വഴിയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റികിട്ടിയാൽ വാഹന സൗകര്യം ലഭ്യമാണ്. സവിനയത്തോടെ അപേക്ഷിക്കുകയാണ്.

## എതിർക്കക്ഷിയുടെ വാദം

ഉപഭോക്തൃ നം.1155495010354 ആയ കണക്ഷൻ ശ്രീ. ശങ്കരൻ വിജയൻ, തെക്കേനീലിയത്തു വീട്, നടക്കാവ് പി.ഒ., ഉദയംപേരൂർ പേരിൽ നൽകിയിരിക്കുന്ന ഗാർഹിക കണക്ഷനാണ്. താരിഫ് LT 1A യും അനുവദിച്ച ലോഡ് 480W ഉം ആണ്.

ഉദയംപേരൂർ സെക്ഷനിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റണമെന്ന് ഉപഭോക്താവ് ആവശ്യപ്പെട്ടു. ഫീൽഡ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പോസ്റ്റ് ഷിഫ്റ്റിങ്ങിനായി 7526/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എംഎൽഎ റോഡിൽ നിന്നുള്ള കോൺക്രീറ്റ് പാതയിൽ 8 മീറ്റർ എൽടി പിഎസ്സി പോൾ സ്ഥിതിചെയ്യുന്നു. വടക്കുവശത്തുള്ള കോമ്പൗണ്ട് ഭിത്തിയിൽ നിന്ന് ഏകദേശം 3/4 അടിയിലാണ് പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നത്. ഈ പൊതു പാതയുടെ വീതി ഏകദേശം 2 മീറ്ററാണ്.

പ്രോപ്പർട്ടി ക്രോസിംഗ് ഒഴിവാക്കുന്നതിന് 2 സൈഡ് ക്രോസ് ആമും ഒരു എൽടി സ്റ്റേയും നൽകിയ ശേഷം 3ഫേസ് 5 വയർ ലൈനുള്ള പ്രസ്തുത LT-പോസ്റ്റ് അടുത്തുള്ള സ്ഥാനത്തേക്ക് മാറ്റാം.ഇക്കാര്യം നേരത്തെ തന്നെ പരാതിക്കാരനെ അറിയിച്ചിരുന്നു.എന്നാൽ എസ്റ്റിമേറ്റ് തുക അടയ്ക്കാൻ പരാതിക്കാരൻ തയ്യാറായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഫണ്ട് കണ്ടെത്തുന്നതിനായി സെക്ഷൻ ഉദ്യോഗസ്ഥർ വാർഡ് മെമ്പറെ സമീപിച്ചിരുന്നുവെങ്കിലും

പണമടയ്ക്കൽ മുടങ്ങിയിരിക്കുകയാണ്. ചില സുരക്ഷാ കാരണങ്ങളാൽ ഇലക്ട്രിക് പോസ്റ്റിന് സ്റ്റേ വയർ സ്ഥാപിക്കേണ്ടതിൻ്റെ ആവശ്യകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് 5,803/- രൂപയായി പരിഷ്കരിച്ചു. പോസ്റ്റിന് സ്റ്റേ വയർ നൽകുന്നതുമായി ബന്ധപ്പെട്ട മെറ്റീരിയലുകളും ജോലിച്ചെലവും കണക്കാക്കി എസ്റ്റിമേറ്റ് പുതുക്കി.

പരാതിക്കാരൻ എസ്റ്റിമേറ്റ് തുക അടച്ചുകഴിഞ്ഞാൽ പോസ്റ്റ് ഷിഫ്റ്റിംഗ് ജോലികൾ ചെയ്യാമെന്ന് ബഹുമാനപ്പെട്ട സിജിആർഎഫ് ഉത്തരവിട്ടു, പക്ഷേ പണമടയ്ക്കൽ ഇപ്പോഴും നടന്നിട്ടില്ല.

## <u>വിശകലനവും കണ്ടെത്തലുകളും</u>

ഈ പരാതിയുടെ ആദ്യവാദം കേൾക്കൽ 2024 മാർച്ച് 12-ആം തീയതി ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ വച്ച് നടക്കുകയുണ്ടായി. അതിൽ പരാതിക്കാരൻ ശ്രീ വിജയനും എതിർകക്ഷിയായി ശ്രീ ബിജു പി.ആർ., തൃപ്പൂണിത്തറ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും പങ്കെടുത്തു. രണ്ടാമത്തെ വാദം കേൾക്കൽ 2024 മാർച്ച് 19-ആം തീയതി 11 മണിക്ക് ഓംബുഡ്സ്മാൻ കാര്യാലയത്തിൽ നടന്നു. ഇതിൽ പരാതിക്കാരനും എതിർകക്ഷിയും കൂടാതെ ഉദയംപേരൂർ പഞ്ചായത്ത് സെക്രട്ടറിയെയും വിളിപ്പിച്ചതനുസരിച്ച് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ശ്രീമതി സിന്ധു എസ്. പങ്കെടുത്തു.

പരാതിക്കാരൻ വളരെ ദരിദ്രനായ ഒരു മത്സ്യത്തൊഴിലാളിയാണ്. അദ്ദേഹവും മറ്റു പലരും താമസിക്കുന്ന പ്രദേശത്തേക്ക് ഉണ്ടായിരുന്ന ചെറിയ പാതയെ പഞ്ചായത്ത് വസ്തു ഉടമകളെ കൊണ്ട് സ്ഥലം വിടുവിച്ച് 8 അടി വീതിയുള്ള വഴിയാക്കി മാറ്റുകയാണുണ്ടായത്. ഇത് പഞ്ചായത്ത് സെക്രട്ടറി സമ്മതിക്കുകയുണ്ടായി. ഇത് വളരെ നേരത്തെ സ്ഥാപിച്ച വഴിയാണെങ്കിലും ചിലർ മതിലുകൾ മാറ്റിക്കെട്ടിയത് ഈ അടുത്ത കാലത്താണ്. അങ്ങനെ വന്നപ്പോൾ ഒരു പോസ്റ്റ് റോഡിലേക്ക് ഇറങ്ങി നിൽക്കുന്നതിനാൽ ഗതാഗതത്തിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. മുച്ചക്രവാഹനം വരെ വളരെ കഷ്ടിച്ചു മാത്രമേ കടന്നു പോകാൻ കഴിയുന്നുള്ളൂ. ഈ പോസ്റ്റ് മതിലിനോട് ചേർന്ന് മാറ്റി സ്ഥാപിച്ചാൽ വഴിക്ക് പൂർണ്ണ ഉപയോഗം സാധ്യമാകുമെന്നാണ് പരാതിക്കാരന്റെ വാദം. ഈ വാദത്തോട് പഞ്ചായത്ത് സെക്രട്ടറിയും എതിർകക്ഷിയും പൂർണമായും യോജിക്കുന്നു. വളരെ പാവപ്പെട്ട ആൾക്കാരാണ് ആ പ്രദേശത്ത് താമസിക്കുന്നത് എന്നതിനാൽ മറ്റാരും ഈ ആവശ്യം ഉന്നയിച്ചിട്ടില്ല. പരാതിക്കാരന്റെ ഭാര്യ രോഗിയായതിനാൽ തന്നെ ഇടയ്ക്കിടയ്ക്ക് ആശുപത്രിയിൽ കൊണ്ടുപോകേണ്ട ആവശ്യമുള്ളതിനാലാണ് അദ്ദേഹം പരാതി സമർപ്പിച്ചത്. പഞ്ചായത്തിന്റെയോ മറ്റു

വകുപ്പുകളുടെയോ അധീനതയിലുള്ള റോഡിന്റെ വീതി കൂട്ടുമ്പോൾ പോസ്റ്റുകൾ മാറ്റേണ്ടി വന്നാൽ അതിന്റെ ചെലവ് വഹിക്കുന്നത് ആ വകുപ്പുകൾ തന്നെയാണ്.

പോസ്റ്റോ ലൈനോ മാറ്റാൻ അപേക്ഷ സമർപ്പിച്ചാൽ അനുവർത്തിക്കേണ്ട നടപടി ക്രമം Supply Code 2014 regulation 95-ൽ വിവരിച്ചിരിക്കുന്നു.

95(1) *“The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes”.*

95(2) *“The application for shifting the electric line or electrical plant shall be submitted in the local office of the licensee”.*

95(3) *“On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*

95(4) *“The application for shifting an electric line or electrical plant shall be granted only if:-*

*(a) the proposed shifting is technically feasible; and*

*(b) the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*

*(c) the applicant remits the labour charges required for shifting the electric line or electrical plant”.*

95(5) *“The licensee shall shift the electric line or electrical plant if the conditions specified in subregulation (4) are complied with by the applicant”.*

ഇതു പ്രകാരം ആ സ്ഥലത്തിന്റെ ഉടമയാണ് ഇത് ചെയ്യേണ്ടതും അതിന്റെ ചെലവ് വഹിക്കേണ്ടതും. ഇവിടെ പോസ്റ്റ് സ്ഥിതി ചെയ്യുന്നത് ഒരു പൊതുവഴിയിൽ ആയതിനാൽ അത് പഞ്ചായത്തിന്റെ അധീനതയിലാണ്. ലൈസൻസി മുകളിൽ പറഞ്ഞ ചട്ടങ്ങൾ പ്രകാരം പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ തയ്യാറാണ്. അതിന്റെ ചെലവ് വഹിക്കണമെന്നു മാത്രം. ലൈസൻസി പരാതിക്കാരനോട് ചെലവ് കണക്കാക്കിയ 5803/- രൂപ അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും നിർദ്ധനനായ അദ്ദേഹത്തിന് അത് കഴിയുന്നില്ല എന്നും അത്

പഞ്ചായത്ത് വഹിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. അത് ഒരു പൊതുവഴിയായതിനാൽ തന്നെ പഞ്ചായത്ത് ഇതു നടപ്പിലാക്കിയാൽ അവിടെ താമസിക്കുന്ന എല്ലാ പൊതുജനങ്ങൾക്കും ഇത് ഉപകാരപ്രദമായി മാറും എന്നതിൽ സംശയമില്ല. ഇത് പഞ്ചായത്ത് സെക്രട്ടറിയും സമ്മതിച്ചു. പഞ്ചായത്തിന് ഈ പോസ്റ്റ് മാറ്റുന്നതിന്റെ ചെലവ് വഹിക്കാൻ കഴിയുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടുകൂടി ഈ തുക ലൈസൻസിക്ക് നൽകി പോസ്റ്റ് മാറ്റുന്ന പണി ചെയ്യിപ്പിക്കാം എന്ന് സെക്രട്ടറി തെളിവെടുപ്പിന്/ വാദം കേൾക്കലിൽ സമ്മതിക്കുകയുണ്ടായി.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. പോസ്റ്റ് മാറ്റുന്നതിനുള്ള ചെലവ് ഉദയംപേരൂർ പഞ്ചായത്ത് വഹിക്കേണ്ടതാണ്.
2. ലൈസൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്.
3. പഞ്ചായത്ത് തുക അടയ്ക്കുന്ന മുറയ്ക്ക് പോസ്റ്റുമാറ്റിലും അനുബന്ധ ജോലികളും തീർക്കേണ്ടതാണ്.
4. ഈ ഉത്തരവ് കിട്ടി ഒരു മാസത്തിനകം ഈ പണി പൂർണ്ണമായും നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്
5. മറ്റു ചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/01/2024/ തീയതി: 21/03/2024.

**അയക്കുന്നത്:**

1. ശ്രീ. വിജയൻ T.S., തെക്കേനീലിയത്തു വീട്, നടക്കാവ് പി.ഓ., ഉദയംപേരൂർ, എറണാകുളം ജില്ല- 682307.

**2.** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തൃപ്പൂണിത്തുറ, എറണാകുളം ജില്ല.

**<u>പകർപ്പ് സമർപ്പിക്കുന്നത്:</u>**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4

3. ചെയർപേഴ്സൺ , കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, 220 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ട്, HMT കോളനി പി.ഓ., കളമശ്ശേരി-683503.

4. സെക്രട്ടറി, ഉദയംപേരൂർ, ഗ്രാമ പഞ്ചായത്ത് , നടക്കാവ് പി.ഓ., നടക്കാവ്, എറണാകുളം ജില്ല- 682307.